# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.118

03/12/2015 ൽ മറുപടിയ്ക്ക്

## കൈവശക്കാർക്ക് പട്ടയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൈവശക്കാർക്ക് മുഴുവൻ പട്ടയം നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ഭൂമി പതിവ് ചട്ടം 1964 പ്രകാരം സർക്കാർ ഭൂമി പാട്ടത്തിനോ, നിലവിൽ ഉള്ളതോ കാലഹരണപ്പെട്ടതോ, അല്ലെങ്കിൽ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റത്തിലൂടെയോ കൈവശം വച്ചിരിയ്ക്കുകയും ടി കൈവശം 01.08.1971 ന് മുമ്പുള്ളതാണെങ്കിൽ പ്രസ്തുത ഭൂമി കൈവശം വച്ചിരിയ്ക്കുന്ന മുഴുവൻ വ്യക്തികൾക്കും ഭവന നിർമ്മാണം , പ്രയോജന പ്രദമായ അനുഭവാവകാശം, കൃഷി എന്നിവയ്ക്കായി പതിച്ച് നൽകുന്നതിന് നിയമ വ്യവസ്ഥയുണ്ട്. സർക്കാർ ഭൂമിയോട് തൊട്ടുകിടക്കുന്ന സ്വകാര്യ ഭൂമിയുടെ പ്രയോജന പ്രദമായ അനുഭവാവകാശത്തിന് 15 സെന്റ് വരെയും കൈവശാനുഭവത്തിലുള്ള ഭൂമിയിൽ ദേഹണ്ഡം ഇല്ലാത്ത ഭൂമിയിൽ സമതല പ്രദേശത്ത് 1 ഏക്കർ വരെയും മലയോര മേഖലകളിൽ ജലാംശമുള്ള ഭൂമിയിൽ 1 ഏക്കർ വരെയും വരണ്ട ഭൂമി 3 ഏക്കർ വരെയും പതിച്ച് നൽകാം. എന്നാൽ ദേഹണ്ഡമുള്ള ഭൂമിയിലെങ്കിൽ സമതലങ്ങളിൽ 2 ഏക്കർ വരെയും മലയോര മേഖലകളിൽ ജലാംശമുള്ള ഭൂമി 2 ഏക്കർ വരെയും വരണ്ട ഭൂമി 4 ഏക്കർ വരെയും പ തിച്ച് നൽകാം |

| | |
| --- | --- |
| | എന്നാൽ കയ്യേറ്റം വനഭൂമിയാണെങ്കിൽ, 1993 ലെ പ്രത്യേക ചട്ടം (വനഭൂമി കയ്യേറ്റം ക്രമീകരിയ്ക്കൽ) പ്രകാരം 01.01.1977 ന് മുമ്പ് കയ്യേറ്റം നടത്തിയിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നു എങ്കിൽ കയ്യേറ്റം നടത്തിയവർക്ക് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കൃഷിയ്ക്കും ഭവന നിർമ്മാണം ഷോപ്പ് സൈറ്റ് എന്നീ ആവശ്യങ്ങൾക്കായി 4 ഏക്കർ വരെ ഭൂമി പതിച്ച് നൽകാവുന്നതാണ്. പതിച്ച് കിട്ടിയ വനഭൂമി പ്രസ്തുത നിയമത്തിലെ വകുപ്പ് 3 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഉപാധികളില്ലാതെ കൈമാറ്റം ചെയ്യാവുന്നതാണ് . |
| ബി) സമയബന്ധിതമായി പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) സമയ ബന്ധിതമായി പട്ടയം നൽകുന്നതിന് ജില്ലകളിൽ റവന്യൂ വകുപ്പിൽ ഭൂപരിഷ്കരണം ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം പ്രവർത്തിയ്ക്കുന്നു. കൂടാതെ 1993 ലെ പ്രത്യേക ചട്ട പ്രകാരമുള്ള ഭൂമി പതിവിന് മാത്രമായി ഇടുക്കി ജില്ലയിൽ 6 പ്രത്യേക ഓഫീസുകളും തൃശ്ശൂർ ജില്ലയിൽ 1 പ്രത്യേക ഓഫീസും പ്രവർത്തിച്ചുവരുന്നു. ടി ഓഫീസുകൾക്ക്, പ്രവർത്തന പുരോഗതി വിലയിരുത്തികൊണ്ട്, എല്ലാ വർഷവും തുടർച്ചാനുമതി സർക്കാർ നൽകി വരുന്നു. നിലവിൽ 31.12.2015 വരെ അനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഭൂമി പതിവ് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു പ്രത്യേക ഓഫീസ് നിലവിലുള്ളതും ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പ്രത്യേക ഭൂമി പതിവ് ഓഫീസ് തുടങ്ങുന്നതിനുള്ള ശൂപാർശ അന്തിമ ഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ